(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലും ചീക്കോട് പഞ്ചായത്തിലും ആയുർവേദ ആശുപത്രി കെട്ടിടങ്ങൾ പണിയാനായി വർഷങ്ങൾക്കു മുമ്പ് സ്ഥലം വാങ്ങി സർക്കാരിന് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ ആശുപത്രി കെട്ടിടം പണി തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ രണ്ട് പഞ്ചായത്തുകളിലും ഈ വർഷം തന്നെ ആയുർവേദ ആശുപത്രി സ്ഥാപിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കുഴിമണ്ണ പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി തുടങ്ങുവാനായി സ്ഥലം വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയുർവേദ ചികിൽസാകേന്ദ്രം ആരംഭിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്താണ് കെട്ടിടം ലഭ്യമാക്കേണ്ടത്.

(സി) ചീക്കോട് പഞ്ചായത്തിലെ ചാലിയപ്പുറത്ത് ഇപ്പോൾ ഒരു ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നതിനാൽ മറ്റൊന്നുകൂടി അനുവദിക്കുവാൻ നിർവ്വാഹമില്ല. കുഴിമണ്ണ പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം ഇതിനായുള്ള പ്ലാൻഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

219 (2535) പറവൂർ താലൂക്ക് ആയുർവേദ ആശുപത്രിയിൽ വിഷചികിത്സാ വിദഗ്ധനെ നിയമിക്കുന്നതിന് നടപടി

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ താലൂക്ക് ആയുർവേദ ആശുപത്രിയിൽ വിഷചികിത്സാ വിദഗ്ധനെ നിലവിലുള്ള തസ്തിയിൽ മാറ്റം വരുത്തി നിയമിക്കുവാനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്നറിയിക്കുമോ;

(ബി) നിലവിൽ പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് സ്ട്രെംഗ്ത് എത്രയാണ്; ഇതിൽ ഡോക്ടർമാരുടെ തസ്തിക എത്രയുണ്ട്;

(സി) ആശുപത്രിയോടനുബന്ധിച്ച് നിർമ്മിച്ചുവരുന്ന വാർഡിന്റെ പണിപൂർത്തിയായ സാഹചര്യത്തിൽ വിഷചികിത്സാ വിദഗ്ധനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തസ്തികമാറ്റി വിഷചികിത്സാ വിദഗ്ധനെ നിയമിക്കുന്നതുകൊണ്ട് സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തികനഷ്ടം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 50 ആക്കി ഉയർത്തുവാനുള്ള നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഈ ആശുപത്രിയിൽ ഉള്ള ആകെ 16 തസ്തികകളിൽ മൂന്നെണ്ണം ഡോക്ടർമാരുടെ തസ്തികയാണ്.

(സി) വാർഡിന്റെ പണി പൂർത്തിയാക്കി കെട്ടിടം കൈമാറ്റം ചെയ്യുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് ഏർപ്പെടുത്തുകയും ചെയ്തുകഴിഞ്ഞശേഷമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) തസ്തികമാറ്റി വിഷചികിത്സാ വിദഗ്ധനെ നിയമിക്കുന്നതിന് പ്രതിവർഷം ഉദ്ദേശം 10,000 രൂപ അധികചിലവ് ഉണ്ടാകും.

(ഇ) ഈ സാമ്പത്തികവർഷം ഏതൊക്കെ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണം എന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

220 (2536) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ നടപടി

ശ്രീ. കടന്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളക്കുഴ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ചെങ്ങന്നൂർ ആയുർവേദ ആശുപത്രിയുടെ സമീപ പ്രദേശത്താണ്. ആസ്പത്രി സൗകര്യം പോലും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അവ തുടങ്ങുന്നതിനാണ് ഗവൺമെന്റ് മുൻഗണന നൽകിവരുന്നത്.

221 (2537) ഹോമിയോപ്പതി അലോപ്പതി ഡയറക്ടർമാരുടെ നിയമനം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly